**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.234 | 04-06-2018 ൽ മറുപടിയ്ക്ക്

**കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| എ) | കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സർക്കാർ ഉടമയിലുള്ള സ്ഥലം അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) | അനുവദിച്ചിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്കിൽ കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നം.10 ൽ റീ-സർവ്വേ നം.439/12 ൽ ഉൾപ്പെട്ട 73.40 ആർസ് സർക്കാർ ഭൂമിയിൽ 20 സെന്റ് സ്ഥലത്തിന് കൊല്ലം ജില്ലാ കളക്ടർ ഉപയോഗാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിന് വേണ്ടി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ റിക്വിസിഷൻ ഫോം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. |
| ബി) | ഇതിനാവശ്യമായ സ്ഥലം അളന്ന് തിരിച്ച് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ; | ബി) | ഇതിനാവശ്യമായ സ്ഥലം റവന്യൂ അധികൃതരുടെ സാന്നിദ്ധ്യത്തിൽ അളന്ന് തിരിക്കുകയും നിർദ്ദിഷ്ട സ്ഥലത്ത് ഫയർസ്റ്റേഷൻ നിർമ്മാണത്തിനായി കല്ലിടുകയും ചെയ്തിട്ടുണ്ട്. |
| സി) | ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | സി) | 2018-19 ലെ പദ്ധതിയിനത്തിൽ ബഡ്ജറ്റിൽ ഫയർ & റെസ്ക്യൂ വകുപ്പിലെ കെട്ടിട നിർമ്മാണങ്ങൾക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കരുനാഗപ്പള്ളി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. |
| ഡി) | കരുനാഗപ്പള്ളി ഫയർ സ്റ്റേഷനാവശ്യമായ സ്ഥലം അനുവദിച്ച് അനുയോജ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഡി) | മേൽ പരാമർശിച്ചിട്ടുള്ള 20 സെന്റ് സ്ഥലത്തിന് ഉപാധികളോടെ ഉപയോഗാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ച് ഫയർ സ്റ്റേഷന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ